# ആരോഗ്യപരിപാലനത്തിലും കായിക മേഖലയിലും മാതൃകയായി കരകുളം പഞ്ചായത്ത്.

പൊതുവെ യുവതലമുറയിൽ മാത്രം ശ്രദ്ധയൂന്നി ലോകം നീങ്ങുമ്പോൾ യുവതലമുറയെപ്പോലെ തന്നെ വൃദ്ധരും സമൂഹത്തിന്റെ ഭാഗമാണെന്നും പ്രത്യേകശ്രദ്ധയും പരിപാലനവും അവർക്കുമാവശ്യമാണെന്നും പറഞ്ഞുകൊണ്ട് മാതൃകയാവുകയാണ് കരകുളം പഞ്ചായത്ത്. വൃദ്ധർക്കായി വയോജന നയം എന്ന പ്രത്യേക പദ്ധതി ഇവർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. അറുപത്തി അഞ്ചിനു മുകളിൽ പ്രായമുള്ള വൃദ്ധർക്കായി ഗ്രാമസഭ വിളിച്ച് ആരോഗ്യകാർഡ് നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ബി.പി.എൽ പട്ടികയിലുള്ള ഇരുനൂറോളം വൃദ്ധരായ ജനങ്ങൾക്ക് സൗജന്യമായി വൈദ്യസഹായവും നൽകി വരുന്നു.

ഇതുകൂടാതെ ബി.പി.എൽ ലിസ്റ്റിലുൾപ്പെടുന്ന അമ്പതോളം ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവശുശ്രൂഷയും വൈദ്യസഹായവും പഞ്ചായത്ത് സൗജന്യമായി നൽകുന്നുണ്ട്.
കായിക മേഖലയിലെ വളർച്ചയിൽ കരകുളം പഞ്ചായത്തിന് നാഴികക്കല്ലായത് ഓപ്പറേഷൻ ഒളിമ്പ്യൻ പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി നാലു കേന്ദ്രങ്ങളിൽ 10 നും 18 നും ഇടയിലുള്ള വിദ്യാർത്ഥികൾക്കായി പഞ്ചായത്ത് പരിശീലനം നൽകുന്നുണ്ട്. ഇതിൽ ഒരു കേന്ദ്രത്തിൽ രണ്ടു പരിശീലകരെ വച്ച് കുട്ടികൾക്കായി നീന്തൽ പരിശീലനം നൽകുന്നു. മറ്റ് രണ്ട് പരിശീലനകേന്ദ്രങ്ങളിൽ രാവിലെ ആറ് മുതൽ ഏഴര വരെ വിദ്യാർത്ഥികൾക്കായി സോഫ്റ്റ് ബോൾ, ഫുട്ബോൾ എന്നിവയുടെ പരിശീലനവും നൽകുന്നുണ്ട്. പരിശീലനം ലഭിച്ച ഒട്ടേറെ വിദ്യാർത്ഥികൾക്ക് സംസ്ഥാന ദേശീയ തലത്തിൽ അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. സന്തോഷ് ട്രോഫിയിൽ കേരളത്തിനു വേണ്ടി കളിച്ചവരിൽ പഞ്ചായത്തിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയും ഉൾപ്പെടുന്നു.

ജില്ല - തിരുവനന്തപുരം
പഞ്ചായത്ത് - കരകുളം
പ്രസിഡന്റ് - പ്രീതി
ഫോൺ നമ്പർ - 9446521517,0471 - 2372046

നിലീന അത്തോളി